**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2985** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ വകുപ്പിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ വകുപ്പിൽ സിവിൽ എൻജിനീയറിംഗ് വിഭാഗത്തിൽ പ്രൊമോഷൻ വഴി നികത്തേണ്ട എത്ര അസിസ്റ്റന്റ് എൻജിനീയർ ഒഴിവുകൾ നിലവിലുണ്ട്; ഇവ നികത്തുന്നതിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; അറിയിക്കാമോ; | (എ) | അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) തസ്തികയിൽ പ്രൊമോഷൻ മുഖേന നികത്തപ്പെടേണ്ട 75 ഒഴിവുകൾ നിലവിലുണ്ട്. ഡിപ്ലോമ, സർട്ടിഫിക്കറ്റ് ക്വാട്ടയിൻമേലുള്ള തർക്കം മൂലം കോടതിയിൽ കേസ് നില നിൽക്കുന്നതിനാൽ ഡിപിസി കൂടാൻ കഴിയാത്ത സാഹചര്യത്തിൽ പ്രൊമോഷൻ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. |
| (ബി) | കേസ് കാരണം പ്രസ്തുത ഒഴിവുകൾ നികത്താതിരിക്കുന്നതിന്റെ ഭാഗമായി ഫസ്റ്റ്, സെക്കൻഡ്, തേർഡ് ഗ്രേഡ് സിവിൽ ഓവർസീയർ പോസ്റ്റുകളിൽ ഇപ്പോൾ നിലവിൽ വരേണ്ടിയിരുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) തസ്തികയിൽ പ്രൊമോഷൻ നടക്കുന്നതിന് അനുസൃതമായാണ് ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ {ഓവർസിയർ} (സിവിൽ) രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ(സിവിൽ), മൂന്നാം തരം ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്നത്. മേൽ സൂചിപ്പിച്ച പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) തസ്തികയിൽ നിലവിലുള്ള 75 ഒഴിവുകളും പ്രൊമോഷൻ മുഖേന നികത്തപ്പെടുമ്പോൾ അത്രയും തന്നെ ഒഴിവുകൾ ഡ്രാഫ്റ്റ്സ്മാൻ തസ്തികകളിലും ഉണ്ടാകുന്നു |
| (സി) | ഒഴിവുകളിൽ അർഹരായവരുടെ അഭാവത്തിൽ പ്രമോഷൻ പോസ്റ്റുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന കേഡറിലേയ്ക്ക് താത്കാലികമായി തരം താഴ്ത്തി പി. എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്ന 08.06.2021-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സ.ഉ.(കൈ) നം. 13/2021/ ഉഭപവ നമ്പർ ഉത്തരവ് വകുപ്പിൽ ഓവർസീയർ സിവിൽ ഗ്രേഡ് 3, 2, 1 പോസ്റ്റുകളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; അല്ലാത്ത പക്ഷം ആയതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | 08.06.2021-ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ സ.ഉ(കൈ)നം. 13/2021/ഉഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ചീഫ് എഞ്ചിനീയർ(ഐ&എ) ഒരു സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ